**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 984** **14-10-2026-ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർഥികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തിലെയും എത്ര ഭിന്നശേഷി വിദ്യാർഥികൾക്കാണ് ദിനംപ്രതി സാനിറ്ററി പാഡുകൾ ഉപയോഗിക്കേണ്ടിവരുന്നതെന്നതിന്റെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

**മറുപടി:** വിവരശേഖരണം നടത്തിയിട്ടില്ല.

**(ബി)** കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ എത്ര ഭിന്നശേഷി വിദ്യാർഥികൾക്കാണ് ദിനംപ്രതി സാനിറ്ററി പാഡുകൾ ഉപയോഗിക്കേണ്ടിവരുന്നതെന്ന കണക്കുകൾ ലഭ്യമാണോ; ഇതിന്റെ ഭാരിച്ച ചെലവും ഉപയോഗിച്ച സാനിറ്ററി പാഡുകൾ സംസ്കരിക്കുന്നതിനുള്ള ഇൻസിനറേറ്ററുകളുടെ അഭാവവും മൂലം ഭിന്നശേഷി വിദ്യാർഥികളുടെ അമ്മമാർ ദുരിതമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

**മറുപടി:** തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന സംസ്ഥാനത്ത് 4 റീജിയണുകളിലായി സാനിറ്ററി ഇൻസിനറേറ്റർ പ്ലാന്റുകൾ ക്ലീൻ കേരള കമ്പനി മുഖാന്തിരം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജില്ലകളിലേയും സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പര്യാപ്തമായ വിധത്തിലാണ് ടി പ്ലാന്റുകളുടെ നിർമ്മാണം.

**(സി)** ദിനംപ്രതി മൂന്നോ നാലോ സാനിറ്ററി പാഡുകൾ ഉപയോഗിക്കുന്ന ഭിന്നശേഷി വിദ്യാർഥികൾക്ക് സൗജന്യമായി സാനിറ്ററി പാഡുകളും അവ സംസ്കരിക്കുന്നതിനുള്ള ഇൻസിനറേറ്ററുകളും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** ഭിന്നശേഷി വിദ്യാർഥികൾക്ക് സൗജന്യമായി സാനിറ്ററി പാഡുകളും അവ സംസ്കരിക്കുന്നതിനുള്ള ഇൻസിനറേറ്ററുകളും നൽകുന്ന പദ്ധതി സാമൂഹികനീതി വകുപ്പിൽ നിലവിലില്ല. തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് ഈ പദ്ധതി നടപ്പാക്കാനാകുമോ എന്ന കാര്യം പരിശോധിക്കുന്നതാണ് .

**(ഡി)** മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷി വിദ്യാർഥികൾക്ക് വിവിധ തരത്തിലുള്ളതും അനുയോജ്യവുമായ നൈപുണ്യ വികസനത്തിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

**<u>മറുപടി:</u>** ഭിന്നശേഷി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന 'അതിജീവനം' പദ്ധതിയും, ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന 'പ്രചോദനം' പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**